ശ്രീ. എൽ. എം. പൈലി: അങ്ങിനെ പരാതികൾ ഗവൺമെന്റിൽ വന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: വർത്തമാനപ്പത്രങ്ങളിൽ ഈ വസ്തുത പരസ്യപ്പെടുത്തിയിരുന്നതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഉണ്ടായിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ. ക്ലാക്കന്മാക്ക് ചില പ്രസന്റസ് കൊടുത്താൽ ബില്ലുകൾ വേഗം പാസ്സാക്കാം എന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇങ്ങനെ താമസം നേരിടുന്നതുമൂലം വമ്പിച്ച വിഷമങ്ങൾക്ക് കാരണമാണെന്ന ഗവൺമെന്റ് വിചാരിക്കുന്നുണ്ടോ?

Mr. Speaker: That is an inference. The question is disallowed.

മെഡിക്കൽ കോളേജ്

*൨൯൮. (൮൦) ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: ബഹുമാനപ്പെട്ട പൊതുജനാരോഗ്യകുടുംബമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെയുള്ള പ്രൊഫസർ നിയമനങ്ങളിൽ ഒന്നാമത്തതിന്റേയും രണ്ടാമത്തതിന്റേയും തീയതികൾ എന്തൊക്കെ;

(ബി) പുതുതായി കോളേജിലേക്ക് ലൈബ്രേറിയനെ നിയമിച്ചുവെന്നാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രൊഫസറന്മാരെ നിയമിച്ചു് ഉത്തരവു പുറപ്പെടുവിച്ചു തീയതി ൧൯—൫—൫൯ & ൨൦. ഒന്നാമത്തേയും രണ്ടാമത്തേയും പ്രൊഫസറന്മാർ യഥാക്രമത്തിൽ ചാർജെടുത്തതു് ൧൯—൬—൫൯ & ൨൧-ഉം ൧—൯—൫൯ & ൨൧-ഉം മാണു്.

(ബി) ഒരു പാർട്ട് ടൈം ലൈബ്രേറിയനെ ൨൧—൯—൫൯ & ൪൫ മുതൽക്കും ഒരു അസിസ്റ്റന്റ് ലൈബ്രേറിയനെ ൧൦—൪—൫൯ & ൨൦ മുതൽക്കും നിയമിച്ചിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: ഈ ലൈബ്രേറിയനെയും ഇത്രനേരത്തെ നിയമിച്ചതെന്തിനാണു്?

ശ്രീ. സി. കേശവൻ: കുറച്ചു നേരത്തെ നിയമിച്ചതു ലൈബ്രറിയെ സംബന്ധിച്ചു മറ്റു കോളേജുകളിലുംമറ്റും പോയി കാര്യങ്ങൾ അന്വേഷിച്ചു ക്രമീകരിക്കുന്നതിനുവേണ്ടിയാണു്.

ശ്രീ. റഫേൽ ജെ. റൊസ്സിഗ്സ്: പ്രൊഫസറന്മാരില്ലാതെ മറ്റു കാര്യങ്ങൾ ലൈബ്രേറിയനാണോ അന്വേഷിക്കേണ്ടതു്?

ശ്രീ. സി. കേശവൻ: മറ്റു കോളേജുകളിൽപോയി കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിലേക്കായി നിയമിച്ചതാണു്.

നെല്ലിടിപ്പു്

*൨൯൯. (൮൨) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ...

LIBRARY ARCHIVES Kerala Legislative Assembly

(എ) ൧൯൫൦-ൽ ഈ സംസ്ഥാനത്തുനിന്നും ആകെ എത്ര പറ നെല്ല് ഗവൺമെൻറിലേയ്ക്ക് എടുത്തിട്ടുണ്ടെന്നും അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്രയാണെന്നും പറയാമോ;

(ബി) ൧൯൫൧ ഫ–സെപ്റ്റംബർവരെ ഈ സംസ്ഥാനത്തുനിന്നും എടുത്തിട്ടുള്ള നെല്ല് എത്രപറ; അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് എത്ര പറയാണ്.

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഈ സംസ്ഥാനത്തുനിന്നും ൧൯൫൦-ൽ ആകെ എടുത്തതു് ൧,൩൫,൪൭,൪൫൩ പറ നെല്ല്. അതിൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും ൭൫,൦൫,൩൩൭ പറ.

(ബി) ൧൯൫൧ ഫ–ൽ സെപ്റ്റംബർ ൨൦ാം തീയതിവരെ ആകെ വന്നതു് ൫൭,൪൫൨ പറ. തിരുവിതാംകൂറിൽ നിന്നും എടുത്തിട്ടുള്ളതു് ൩൦,൯൭,൨൩൩ പറ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ ലെവി സിസ്റ്റം നടപ്പിലാക്കിയതിൽപിന്നെ തിരുവിതാംകൂറിൽനിന്നും കൂടുതൽ നെല്ലെടുക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: തിരുവിതാംകൂർ വിഭാഗത്തുനിന്നും കൂടുതലാണ് എടുത്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: മൻകൊല്ലങ്ങളിൽ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലായിട്ടാണോ എടുത്തിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: തലേകൊല്ലത്തിൽ കിട്ടിയതിൽനിന്നും കൂടുതലായിട്ടാണ് കിട്ടിയിട്ടുള്ളതു്. ലെവി സിസ്റ്റം ഉണ്ടാകുന്നതിനു മുമ്പേ കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലാണ്.

ശ്രീ. പി. കെ. കുമാരൻ ആചാരി: കൊച്ചി വിഭാഗത്തുനിന്നും എടുത്തിട്ടുള്ളതു് വളരെ കുറവാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: കുറച്ചു കുറവാണെന്ന് ഞാൻ ഇതിനുമുൻപേ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ പ്രൊക്യുവർ ചെയ്തിട്ടുള്ളതു് വിളവിൻറെ എത്ര ശതമാനമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: ഏകദേശം ൫ ൫ ശതമാനം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: കുട്ടനാടൻ പ്രദേശത്തുനിന്നും നിശ്ചിത വ്യവസ്ഥയിൽനിന്നും കൂടുതൽ നെല്ല് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അവിടെ മട വീണതെല്ലാം പരിഗണിച്ചു നോക്കുമ്പോൾ കൂടുതലായിട്ടാണ് കിട്ടിയിരിക്കുന്നതു്.

വേമ്പനാട്ടുകായൽ പദ്ധതി

*൨൩൩. (൧൨) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി പൂർത്തിയായിട്ടുണ്ടോ?

(ബി) അതിനുവേണ്ടി ആകെ എത്ര രൂപാ ഇതിനകം ചെലവുചെയ്തിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly